**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5761** **25 .05.2017-ൽ മറുപടിക്ക്**

**നിലവിലുള്ള വാണിജ്യ ചെക്ക് പോസ്റ്റുകളുടെ അവസ്ഥ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ്<br>,, സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, എം. വിൻസെന്റ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നിയമം നടപ്പാക്കുമ്പോൾ നിലവിലുള്ള വാണിജ്യ ചെക്ക് പോസ്റ്റുകളുടെ അവസ്ഥ എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ജി.എസ്.ടി കൗൺസിലിന്റെ തീരുമാനമനുസരിച്ച് കേന്ദ്രസർക്കാർ പാസ്സാക്കിയ സി.ജി.എസ്.ടി നിയമത്തിലും ജി.എസ്.ടി കൗൺസിൽ അംഗീകരിച്ച കരട് എസ്.ജി.എസ്.ടി നിയമത്തിലും ചെക്ക് പോസ്റ്റ് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശിക്കുന്നില്ല. ജി.എസ്.ടി നടപ്പിലാകുന്ന മാറിയ സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളുടെ സ്ഥിതി എന്താകണം എന്നത് ആലോചിച്ച് വരുന്നു. |
| (ബി) | ജി.എസ്.ടി നിയമം നടപ്പാക്കിയാലും വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ തുടരുന്ന കാര്യം പരിഗണനയിലുണ്ടോ; വിവരിക്കുമോ; | | |
| (സി) | ജി.എസ്.ടി നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ഉദ്യോഗസ്ഥന്മാരുടെ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | ചരക്ക് സേവന നികുതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിലെ 1,517 ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി നിയമത്തെപ്പറ്റിയുള്ള പരിശീലനം ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. അവശേഷിക്കുന്നവർക്കുള്ള പരിശീലനം ജില്ലാകേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ വകുപ്പിലെ അൻപത് ജീവനക്കാർക്ക് ജി.എസ്.ടി യുടെ സാങ്കേതിക വിദ്യയെക്കുറിച്ച് തമിഴ് നാട്ടിലെ കാഞ്ചിപുരം ഇൻഫോസിസ് കാമ്പസിൽ വച്ച് പരിശീലനം നൽകുകയുണ്ടായി. |

-2-

| | | | |
|---|---|---|---|
| | | | വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇവരാണ് പരിശീലനം നൽകുന്നത്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാങ്കേതിക പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**